ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ ശമ്പളം, അലവൻസുകൾ എന്നീയിനങ്ങളിൽ കൈപ്പറ്റിയ തുക

15 (16) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മന്ത്രിമാരുടെ ഓരോരുത്തരുടേയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ശമ്പളം, വിവിധ അലവൻസുകൾ എന്നീ ഇനത്തിൽ എത്ര തുക പറ്റിയിട്ടുണ്ട് ;

(ബി) ഇക്കാലത്ത് ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ടി.എ., ഡി.എ. എന്നീയിനങ്ങളിൽ എന്തുതുക വീതം പറ്റിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ അവരവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ ചെലവിനത്തിൽ എത്ര തുക വീതം പറ്റിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പി.ആർ.ഡി.വഴി പരസ്യ ഇനത്തിൽ നൽകിയ തുക

16 (17) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ പരസ്യം ഓരോ ദൃശ്യ-അച്ചടി മാധ്യമങ്ങൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ പരസ്യ ഇനത്തിൽ, ഓരോ വർഷവും കൊടുത്ത തുക എത്രയെന്ന് വർഷം തിരിച്ച് പേരുസഹിതം വിശദമാക്കുമോ ;

(സി) ഈ സർക്കാർ 1-ഉം, 2-ഉം, 3-ഉം, 4-ഉം വർഷങ്ങൾ പൂർത്തിയാക്കിയതിനോട് അനുബന്ധിച്ച് എന്തൊക്കെ പ്രസിദ്ധീകരണങ്ങൾ പി.ആർ.ഡി.വഴി അച്ചടിച്ച് ഇറക്കിയിട്ടുണ്ട് ; ഏതെല്ലാം പേരുകളിലാണ് ഇവ ഇറക്കിയിരിക്കുന്നത് ; ഇതിൽ ഓരോന്നിലും എത്ര കോപ്പികൾവീതം അച്ചടിച്ചു ; ഇതിന് ആകെ എത്ര തുക ചെലവഴിച്ചു ;

(ഡി) ഈ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെ പ്രസ്സുകളിലാണ് അച്ചടിച്ചതെന്ന് പ്രസ്സിന്റെ പേര് സഹിതം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദൃശ്യ-അച്ചടി മാധ്യമങ്ങൾക്കായി ഓരോ വർഷവും പരസ്യയിനത്തിൽ നല്കിയ തുക അനുബന്ധമായി (1) ചേർത്തിട്ടുണ്ട്.* ആയതിൽ 2010-11 വർഷത്തിൽ 31-1-2011-വരെ ടെൻഡർ, ഡിസ്പ്ലേ, ചാനൽ പരസ്യങ്ങളായി 1184 പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്. എല്ലാ മാധ്യമങ്ങളുടെയും പരസ്യ തുക സംബന്ധിച്ച ബില്ല് ലഭിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ തുക കണക്കാക്കിയിട്ടില്ല. എന്നാൽ 2010-11 വർഷത്തിൽ ഈയിനത്തിൽ 7,87,99,800 രൂപ മാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്.

(സി&ഡി) വിശദവിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

സർക്കാരിന്റെ 5-ാം വാർഷിക ആഘോഷത്തിനായി ചെലവഴിച്ച തുക

17 (19) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ 5-ാം വാർഷിക ആഘോഷത്തിനായി എന്തൊക്കെ പരസ്യപ്രചാരണങ്ങളാണ് നടത്തുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനും ബുക്ക്‌ലെറ്റുകളും പോസ്റ്ററുകൾ അച്ചടിക്കുന്നതിനും എക്സിബിഷൻ നടത്തുന്നതിനുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് നൽകുമോ ;

(സി) ഓരോ വകുപ്പിനും ഇതിനുവേണ്ടി ചെലവായ തുക എത്ര വീതമെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ-സി) പൊതുതെരഞ്ഞെടുപ്പ് ആയതിനാൽ സർക്കാരിന്റെ 5-ാം വാർഷിക ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നില്ല.

ആസിയാൻ കരാറിന്റെ പ്രത്യാഘാതങ്ങൾ

18 (20) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണ പൂർവേഷ്യൻ (ആസിയാൻ) രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരത്തിനായുള്ള കരാർ പ്രാബല്യത്തിൽവന്ന് ഒരു വർഷം കഴിഞ്ഞതിനാൽ കേരളത്തിന്റെ കാർഷിക സാമ്പത്തിക മേഖലയിൽ എന്തെങ്കിലും പ്രത്യാഘാതം ഉണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കാലയളവിൽ കാർഷിക നാണ്യവിളകളുടെ വിലയിടിവിന് പ്രസ്തുത കരാർ കാരണമായിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly